ശ്രീ. സി. അച്യുതമേനോൻ: ആ വിവരം ഇതിലില്ല.

ശ്രീ. കെ. കുഞ്ഞാമു: ഇവരെ ജയിലിൽ അയച്ചാൽ ജയിലിനകത്തുവച്ചും പാക്കറാടിക്കുന്നുണ്ട്. അങ്ങനെ ജയിലിനകത്തുവച്ച് പാക്കറാടിച്ചാൽ ഇവർക്ക് എന്തു ശിക്ഷകൊടുക്കും?

(ഉത്തരം ഇല്ല)

കൊട്ടക്കാറനമൂലം ഉണ്ടായ ഭവനനാശവും, കൃഷിനാശവും.

* 1772. [19] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 മേയ് മാസം 10-ാംതീയതി കുന്നത്തുനാട് താലൂക്കിൽ കിഴക്കമ്പലം, കുന്നത്തുനാട് എന്നീ വില്ലേജുകളിൽ ഉണ്ടായ കൊട്ടക്കാറനമൂലം വളരെയധികം ഭവനനാശവും, കൃഷിനാശവും വന്നിട്ടുള്ളതു് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭവനനാശവും, കൃഷിനാശവും വന്നവർക്ക് ആശ്വാസമായി സഹായം നൽകുണമെന്നും എറണാകുളം ഡിസ്ട്രിക്ടറ കളക്ടരോടും ദേവസ്വമെൻറിനോടും പഞ്ചായത്തും, പൊതുജനങ്ങളും അപേക്ഷിച്ചിരുന്നോ;

(സി) അപേക്ഷിച്ചിരുന്നെങ്കിൽ എന്തു തീരുമാനം എടുത്തു;

(ഡി) എത്ര ഭവനനാശങ്ങൾ ഉണ്ടായിട്ടുണ്ട്?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ട്.

(ബി) അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല.

(സി, ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ഒ. ബാവാ: മഴക്കാലം ആരംഭിച്ച് ഇത്രനാളായിട്ടും കഴിഞ്ഞ മാസം പത്താംതീയതിയുണ്ടായ അപകടങ്ങളെപ്പറ്റി അന്വേഷിക്കുവാൻ ഇതേവരെ കഴിയാതെപോയതു് എന്താണെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഈ ചോദ്യം കിട്ടിക്കഴിഞ്ഞതിനു ശേഷമാണ് ദേവസ്വമെൻറിന്റെ ദൃഷ്ടിയിൽ ഈ സംഗതികൾ പെട്ടന്നതു്.

ശ്രീ. കെ. സി. ഏബ്രഹാം: ഓരോ ഡിസ്ട്രിക്ടറിലും എത്ര സംഖ്യവീതമാണ് ഇതിലേക്ക കൊടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഓരോ കളക്ടർക്കും ആവശ്യമുള്ള പണം കൊടുക്കാറുണ്ട്. ഈ സംഭവം ഉണ്ടായ ഡിസ്ട്രിക്ടിലെ, അതായതു് കോഴിക്കോട്ടെയും എറണാകുളത്തെയും കളക്ടർമാർ ആവശ്യമുള്ള സംഖ്യ ചെലവാക്കി ദേവസ്വമെൻറിനെ അറിയിച്ചാൽ മതിയാകുന്നതാണ്.

Arrears of Wages due to Mining Workers.

* 1773. [20] **Shri A. Kunjukrishnan**: Will the Minister for Industries be pleased to state:

(a) what is the total amount of arrear wages due to the Mining workers attached to F. X. P. minerals, Chavara from the Labour Contract Society, Karunagapally till date;

(b) whether the Society is prepared to pay off the wages; and

LIBRARY ARCHIVES Kerala Legislative Assembly

(c) whether the Government have given assurance to the workers that the Government would pay off their dues; if so, when do the Government intend to pay off their arrear wages?

Minister for Industries (**Shri K. P. Gopalan**):

(a) The exact amount is not known. The General Manager of the factory and the District Collector, Quilon have been asked to verify and report.

(b) Yes.

(c) The District Collector has been instructed to give an assurance to the Workers' Union that their claims regarding arrears of wages would be examined and suitable action taken to settle the same.

ശ്രീ. എ. കുഞ്ഞുകൃഷ്ണൻ: ഈ തുക കൊടുക്കുവാൻ സൊസൈറ്റിക്കു കഴിവുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അന്വേഷിച്ചിട്ടുണ്ടു്. തുക കളക്ടരുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സൊസൈറ്റിക്കു് ഗവണ്മെന്റിൽ നിന്നു് എന്തെങ്കിലും ലോൺ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഇല്ല.

ശ്രീ. ജി. കാത്തികേയൻ: കമ്പനിയിൽനിന്നു സൊസൈറ്റിക്കു കൊടുക്കേണ്ട തുക മുഴുവൻ കൊടുത്തുതീർക്കുവാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഇല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സൊസൈറ്റിയിലെ മെമ്പറന്മാർ ആരെല്ലാമാണു്?

ശ്രീ. കെ. പി. ഗോപാലൻ: അതിനു പ്രത്യേകിച്ചു് ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതിന്റെ സെക്രട്ടറിയും, പ്രസിഡന്റും ആരാണെന്നു പറയാമോ?

ശ്രീ. കെ. പി. ഗോപാലൻ: അതും ഇപ്പോൾ പറയാൻ സാധിക്കുകയില്ല; നോട്ടീസു വേണം.

ശ്രീ. ജി. കാത്തികേയൻ: കമ്പനിയിൽനിന്നു കൊടുക്കേണ്ട ലേ ആഫ് കാമ്പൻസേഷൻ സൊസൈറ്റിയാണു് കൊടുത്തുതീർത്തിരിക്കുന്നതെന്നു പരാതികിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ലേ ആഫ് കാമ്പൻസേഷൻ കൊടുത്തതിനെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടു്. ആ പരാതിയെപ്പറ്റി ഗവണ്മെന്റു പരിശോധിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly